ക്ഷീര വികസന വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികൾ

95 (1149) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരവികസന വകുപ്പ് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) കേന്ദ്ര ഗവൺമെന്റിന്റെയും മറ്റ് ഏജൻസികളുടേയും സഹായത്തോടെ എന്തെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് ;

(സി) പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ക്ഷീര വികസന വകുപ്പിനുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വകുപ്പിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിജ്ഞാന വ്യാപന പ്രവർത്തനം മിൽക്ക് ഷെഡ് പദ്ധതി, ക്ഷീര സഹകരണ സംഘങ്ങളുടെ നവീകരണ പദ്ധതി, പുൽകൃഷി വ്യാപന സഹായ പദ്ധതി, ഗ്രാമീണ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനായി പാലുല്പന്ന നിർമ്മാണ ഫാക്ടറി സ്ഥാപിക്കുക തുടങ്ങിയവയാണ് ക്ഷീര വികസന വകുപ്പു മുഖേന സംസ്ഥാനത്തു നടപ്പിലാക്കുന്ന പദ്ധതികൾ.

(ബി) ഒരു പദ്ധതിയും ഇപ്പോഴില്ല.

(സി) ബ്ലോക്ക് തലത്തിൽ ക്ഷീര വിജ്ഞാന വ്യാപന യൂണിറ്റുകൾ, ജില്ലാ തലത്തിൽ ഗുണനിയന്ത്രണ യൂണിറ്റുകൾ, ജില്ലാ ഓഫീസുകൾ, ക്ഷീര പരിശീലന കേന്ദ്രങ്ങൾ, പദ്ധതി മേൽനോട്ടം വഹിക്കുവാനായി ഡയറക്ടറേറ്റിൽ ഒരു പ്ലാനിംഗ് വിഭാഗം എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്.

(ഡി) സംസ്ഥാന ക്ഷീരവകുപ്പ് ക്ഷീര കർഷകർക്ക് പ്രയോജനകരമായ വിധത്തിലാണ് പ്രവർത്തിക്കുന്നത്. കൂടുതൽ പ്രയോജനകരമായ പ്രവൃത്തികൾ ചൂണ്ടിക്കാണിച്ചാൽ പരിശോധിക്കുന്നതാണ്.

പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

96 (1150) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളുടെ ഉൽപ്പാദനം വിപണനം ഗുണനിലവാരം എന്നിവ മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ ക്ഷീര സഹകരണ സംഘങ്ങൾക്കും എത്ര രൂപ ധനസഹായം നൽകാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത തുക ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടിയാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) രജിസ്റ്റർ ചെയ്യപ്പെടുന്ന പുതിയ സംഘങ്ങൾക്ക് പ്രവർത്തന സഹായമായി 25,000 രൂപയും, തെരഞ്ഞെടുക്കപ്പെടുന്ന മറ്റ് സംഘങ്ങൾക്ക് വ്യത്യസ്ത തോതിൽ ധനസഹായവും നൽകുന്നു. കമ്പ്യൂട്ടർവൽക്കരണത്തിന് ഉപകരണ വിലയുടെ 50 ശതമാനമോ 37,500 രൂപയോ ഏതാണോ കുറവ് അത് ഇലക്ട്രോണിക് പാൽ പരിശോധന ഉപകരണത്തിന് വിലയുടെ 50 ശതമാനമോ 15,000 രൂപയോ ഏതാണോ കുറവ് അത് നൽകി വരുന്നു. ഇത് കൂടാതെ വ്യക്തമായ പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ വിവിധ ഉപകരണങ്ങൾ വാങ്ങുവാനാവശ്യമായ ധനസഹായവും നിശ്ചിത തോതിൽ നൽകുന്നതാണ്.

ധർമ്മപാൽ കമ്മീഷൻ ശുപാർശകൾ

97 (1151) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്നുകാലികളെ സംബന്ധിച്ച് ധർമ്മപാൽ ചെയർമാനായുള്ള ദേശീയ കമ്മീഷൻ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ കേരളത്തിലെ ക്ഷീര കർഷകരെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശ അനുസരിച്ച് കന്നുകാലികളെ സങ്കര വർഗ്ഗ പ്രജനനം നിരോധിക്കണമെന്നും ഗോവധം നിരോധിക്കണമെന്നും കാർഷിക മേഖലകളിലെ യന്ത്രവൽക്കരണത്തിന് സബ്സിഡി നിർത്തലാക്കണമെന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇറച്ചിയ്ക്കായി കന്നുകാലികളെ കേരളത്തിലേക്ക് കൊണ്ടുവരുന്നത് നിർത്തലാക്കണമെന്നും ആവശ്യപ്പെട്ടിട്ടുള്ളതിനോട് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) കേന്ദ്ര സർക്കാരിൽ നിന്ന് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ ഒന്നും തന്നെ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly